# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1627 07.03.2018 ന് മറുപടിക്കുണ്ടായിരുന്നത്

## സംസ്ഥാനത്തെ ക്രമസമാധാന നില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.അടൂർ പ്രകാശ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ ക്രമസമാധാന നില ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മോശമായിക്കൊണ്ടിരിക്കുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധനയിൽ തെളിഞ്ഞ കാര്യങ്ങൾ വ്യക്തമാക്കാമോ; | (എ) ക്രമസമാധാനം മോശമായിക്കൊണ്ടിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. സംസ്ഥാനത്തെ ക്രമസമാധാന നില മുമ്പത്തെക്കാളും ഭദ്രമായ നിലയിലാണ്. |
| (ബി) എല്ലാത്തരത്തിലുമുള്ള കുറ്റകൃത്യങ്ങൾ പ്രത്യേകിച്ച് സ്ത്രീകൾക്കും ദുർബല വിഭാഗങ്ങൾക്കുമെതിരെ വർദ്ധിച്ചു വരുന്ന ആക്രമണങ്ങളും മയക്കു മരുന്നിന്റെ വ്യാപനവും തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) കുറ്റകൃത്യങ്ങൾ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് 2016, 2017 വർഷങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കുറ്റകൃത്യങ്ങളുടെ അടിസ്ഥാനത്തിൽ 2016-നെ അപേക്ഷിച്ച് 2017-ൽ Indian Penal Code വിഭാഗത്തിൽ 9% കുറവും, Special & Local Laws വിഭാഗത്തിൽ 7.05% കുറവുമാണ് കാണപ്പെടുന്നത്. വിശദവിവരം ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയും കുട്ടികൾക്കെതിരെയുമുണ്ടാകുന്ന അക്രമങ്ങളും പീഢനങ്ങളും ഫലപ്രദമായി നേരിടുന്നതിനും അമർച്ച ചെയ്യുന്നതിനും അതുവഴി അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി ജനമൈത്രി പദ്ധതിയുടെ ഭാഗമായി സ്ത്രീ സുരക്ഷ, സ്വയം പ്രതിരോധ പരിശീലന പരിപാടികൾ, കൂടാതെ കോളേജുകൾ, സ്കൂൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ |

എന്നിവയുമായി ഒത്തൊരുമിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ നടത്തി വരുന്നു. ദുർബല വിഭാഗങ്ങളുടെ പരാതികളും, ആവശ്യങ്ങളും പരിഗണിക്കുന്നതിന് മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിമാരും, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരും ഇവരുടെ വാസസ്ഥലങ്ങളിൽ എത്തി വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മയക്കുമരുന്നിന്റെ വ്യാപനം തടയുന്നതിന് സ്കൂൾ കോളേജ് കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും മറ്റു വകുപ്പുകളുമായി സഹകരിച്ച് സംയുക്ത റെയ്ഡുകൾ സംഘടിപ്പിച്ചും കുറ്റവാളികൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (സി) | ഈ സർക്കാരിന്റെ കാലത്ത് മാനസിക സമ്മർദ്ദം മൂലം പോലീസുദ്യോഗസ്ഥർ ആത്മഹത്യചെയ്യേണ്ടി വന്ന സാഹചര്യവും വധഭീഷണി നേരിടേണ്ടി വരുന്ന സാഹചര്യവും പരിശോധിച്ചിട്ടുണ്ടോ; | (സി) | ഈ സർക്കാരിന്റെ കാലത്ത് 2016-ൽ 9 പേരും, 2017-ൽ 14 പേരും, 2018-ൽ 3 പേരും വിവിധ കാരണങ്ങളാൽ ആത്മഹത്യ ചെയ്തിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥരുടെ മാനസിക സംഘർഷം കുറയ്ക്കാനുള്ള വിവിധ ബോധവൽക്കരണ ക്ലാസ്സുകൾ പോലീസ് ജില്ലകളിൽ നടത്തിവരുന്നു. വധഭീഷണി നേരിടുന്നതുമായി ബന്ധപ്പെട്ട് ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഭരണകക്ഷി നേതാക്കൾ തന്നെ പോലീസ് സ്റ്റേഷനുകളിൽ കടന്ന് ഉദ്യോഗസ്ഥരെ ഭീക്ഷണിപ്പെടുത്തുകയും സമ്മർദ്ദത്തിലാക്കുകയും ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ തടയുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് സ്റ്റേഷനുകളിൽ ഉദ്യോഗസ്ഥർക്ക് നേരെ ഭീഷണിമുഴക്കുന്ന ആർക്കെതിരെയും കർശന നിയമനടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | സംസ്ഥാന പോലീസ് സേനയെ കാര്യക്ഷമമാക്കുന്നതിനും, നിഷ്പക്ഷമായി അവരുടെ കടമ നിർവ്വഹിക്കുന്നതിനും ഉതകുന്ന നടപടികൾ കൈക്കൊള്ളുമോ? | (ഇ) | പോലീസ് സേനയെ കാര്യക്ഷമമാക്കുന്നതിന് പുതിയ പദ്ധതികൾ കേരള പോലീസ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. അത്യാധുനിക സാങ്കേതിക വിദ്യയിലുള്ള ശരീരത്തിൽ ധരിക്കാവുന്ന ക്യാമറകൾ, ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ക്യാമറകൾ, |

സ്പീഡ് റഡാർ, വേഗത നിർണ്ണയ ക്യാമറകൾ, വെഹിക്കിൾ മൗണ്ട്സ് ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം, ട്രാഫിക് സിഗ്നൽ സിസ്റ്റംസ്, ട്രാഫിക് എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ, ട്രാഫിക് ഗെയിമിംഗ് ആപ്ലിക്കേഷനുകൾ, ബ്ലൂസ് ബസ്സ് (ആൾക്കഹോൾ/ഡ്രഗ്ഗ് ഡിറ്റക്ഷനുവേണ്ടി) തുടങ്ങിയ നിരവധി ഉപകരണങ്ങൾ പോലീസ് സേനയെ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് പോലീസ് സേന കാര്യക്ഷമമായും നിഷ്പക്ഷമായുമാണ് അവരുടെ കടമ നിർവഹിച്ചുവരുന്നത്.

സെക്ഷൻ ഓഫീസർ.